**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2386** **21-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന അതിർത്തി കടന്നുള്ള ലഹരി വരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കഞ്ചാവിൻെറയും മയക്കുമരുന്നിൻെറയും വ്യാപനത്തിനെതിരെയും അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും ഇവ കടത്തിക്കൊണ്ട് വരുന്നതിനെതിരെയും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെയും അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും ഇവ കടത്തിക്കൊണ്ട് വരുന്നതിനെതിരെയും ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും, എക്സൈസ് വകുപ്പ് സ്വന്തമായും, പോലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെയും ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരിശോധനകളും റെയ്ഡുകളും നടത്തുന്നതിനായി ജില്ലകളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, അന്തർ സംസ്ഥാന ബസ്സുകൾ എന്നിവിടങ്ങളിലും പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിൽ പരിശോധനകൾ നടത്തി വരുന്നതിനോടൊപ്പം, മുൻകാല പ്രതികളുടെ വിശദവിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാൻമാരുടെ നിലവിലെ പ്രവർത്തനം നിരന്തരം നിരീക്ഷണം നടത്തി വരുന്നു. ബോർഡർ പട്രോൾ ടീം ചെക്ക്പോസ്റ്റുകളിലും ചെക്ക്പോസ്റ്റ് കൂടാതെയുള്ള അതിർത്തി റോഡുകളിൽ കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലും ശക്തമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. അപ്രതീക്ഷിത ദിവസങ്ങളിലും, അവധി ദിവസങ്ങളിലും, അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പേറേഷൻ നടത്തി വരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംസ്ഥാന തലത്തിൽ ഒരു |

| | | | |
|---|---|---|---|
| | | | പ്രത്യേക സ്ക്വാഡും (SEES) ഇതിനായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ